# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3305.

08-11-2019 ൽ മറുപടിയ്ക്ക്

## നെൽകർഷകർക്കുള്ള സാമ്പത്തിക സഹായം

**ചോദ്യം**

ശ്രീ.ഷാഫി പറമ്പിൽ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിൽ നെല്ല് സംഭരണം ആരംഭിക്കുവാൻ വൈകിയതുകാരണം നെൽകർഷകർക്ക് നെല്ല് കിട്ടിയവിലയ്ക്ക് ഓപ്പൺ മാർക്കറ്റിൽ വിറ്റഴിക്കേണ്ടി വന്ന നിസ്സഹായാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. പാലക്കാട് ജില്ലയിലെ പട്ടാമ്പി, ഷൊർണ്ണൂർ, പാലക്കാട്, മലമ്പുഴ എന്നീ ബ്ലോക്കുകളിലും, ആലത്തൂർ ബ്ലോക്കിലെ കണ്ണമ്പ്ര കൃഷിഭവനിലും കർഷകർ നെല്ല് കിട്ടയ വിലയ്ക്ക് ഓപ്പൺ മാർക്കറ്റിൽ വിറ്റഴിക്കേണ്ടി വന്നിട്ടുണ്ട്. കുഴൽമന്ദം ബ്ലോക്കിലെ തേങ്കുറിശ്ശി, കുഴൽമന്ദം എന്നീ കൃഷിഭവനുകളിൽ കൊയ്ത്തിന്റെ ആദ്യഘട്ടത്തിൽ ഇപ്രകാരം നെല്ല് വിറ്റഴിക്കേണ്ടിവന്നിട്ടുണ്ട്. നെല്ല് സംഭരണത്തിന് രജിസ്റ്റർ ചെയ്യാത്ത കർഷകരാണ് ഓപ്പൺ മാർക്കറ്റിൽ നെല്ല് വിറ്റഴിക്കേണ്ടിവന്നത്. വിലയിൽ വലിയ വ്യത്യാസമില്ലാത്ത സാഹചര്യത്തിലാണ് കർഷകർ സ്വന്തം ഇഷ്ടപ്രകാരം നെല്ല് സംഭരണത്തിന് രജിസ്റ്റർ ചെയ്യാതെ വിറ്റഴിച്ചത്. |
| (ബി) | നെൽകർഷകർക്ക് നെല്ലിന്റെ വിൽപ്പനയിൽ ഉണ്ടായ നഷ്ടം, കാലാവസ്ഥ മോശമായതിനെത്തുടർന്ന് വിളവ് പൂർണ്ണമായി കൊയ്തെടുക്കുവാൻ പറ്റാതായതുകൊണ്ടുണ്ടായ നഷ്ടം എന്നിവയ്ക്ക് നഷ്ടപരിഹാരമായി സംസ്ഥാന സർക്കാർ കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) | പ്രകൃതിക്ഷോഭം മൂലമുള്ള വിളനാശത്തിന് നഷ്ടപരിഹാരം സംസ്ഥാന സർക്കാരിന്റെ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നൽകുന്നുണ്ട്. |
| (സി) | പ്രതികൂല കാലാവസ്ഥയിൽ കൊയ്തെടുത്ത നെല്ലിന് ആവശ്യമായ ഉണക്ക് പോരാത്തതിന്റെ പേരിൽ മില്ലുടമകൾ നെല്ല് സംഭരണം നടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. പാലക്കാട് ജില്ലയിലെ പട്ടാമ്പി, ഷൊർണ്ണൂർ, പാലക്കാട്, മലമ്പുഴ എന്നീ ബ്ലോക്കുകളിലും, ആലത്തൂർ ബ്ലോക്കിലെ പുതുക്കോട് കൃഷിഭവനിലെ ഒരു പാടശേഖര സമിതിയും ഇപ്രകാരം നെല്ല് സംഭരണം നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഇതിന് പരിഹാരമായി നെല്ല് ഉണക്കുന്ന മെഷീൻ പാടശേഖര-സമിതികൾ മുഖേന വിതരണം ചെയ്യുന്ന കാര്യം പരിഗണനയി-ലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാ-ക്കാമോ? | (ഡി) | സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ എന്ന പദ്ധതി പ്രകാരം ആവശ്യക്കാർക്ക് നെല്ല് ഉണക്കുന്ന മെഷീൻ നൽകി വരുന്നുണ്ട്. കുഴൽമന്ദം ബ്ലോക്കിലെ തേങ്കുറിശ്ശി, കുഴൽമന്ദം എന്നീ കൃഷിഭവനുകളിൽ ഹരിത മിത്ര സൊസൈറ്റി വഴി കർഷകർക്ക് ഉണക്കുയന്ത്രം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ